LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സി-ആപ്പ് മാനേജിംഗ് ഡയറക്ടർ ശ്രീ. സജിത് വിജയരാഘവനെതിരെ നടത്തുന്ന/നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) അന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വി.ഇ. 03/2014/ എസ്.ഐ.യു. II അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാർക്കെതിരെ തെളിവ് ലഭിച്ചതിനാൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ബഹു. കേരള ഹൈക്കോടതിയിൽ WP (C) 22270/2015 നമ്പരായി ഒരു റിട്ട് പെറ്റീഷൻ നിലവിൽ ഉള്ളതിനാൽ കൃ.വി. 18/2015/എസ്.ഐ.യു. I-ൽ തുടർ നടപടികൾ എടുത്തിട്ടില്ല.

3. കൃ.വി.11/2015/എസ്.ഐ.യു. II-ന്റെ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

4. കൃ.വി. 14/2015/റ്റി.വി.എം.-ന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം ദ്രുതഗതിയിൽ പൂർത്തിയാക്കാൻ ശ്രമിച്ചുവരുന്നു.

(ഡി) സി-ആപ്പിൽ ലോട്ടറി ടിക്കറ്റ്, ബാർ കോഡിംഗ് നമ്പറിംഗ് എന്നിവ ചെയ്യുന്നതിന് അതിവേഗ വേരിയബിൾ ഡാറ്റാ പ്രിന്റർ വാടകയ്ക്കെടുത്തതിലൂടെ പ്രതിമാസം 9.63 ലക്ഷം രൂപയുടെ ലാഭമുണ്ടായെങ്കിൽ ഒരു പുതിയ മെഷീൻ വാങ്ങി പ്രിന്റിംഗ് വർക്ക് ചെയ്തിരുന്നെങ്കിൽ പ്രതിമാസം 29.09 ലക്ഷം രൂപയുടെ ലാഭമുണ്ടായിരുന്നേനേ എന്ന് എ.ജി. യുടെ റിപ്പോർട്ട് പരാമർശിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ നഷ്ടം സംഭവിച്ചതായി പറഞ്ഞിട്ടില്ല.

ടി.കെ. രാമകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം

225 (233) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി.കെ. രാമകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം 2015 സെപ്തംബർ 7-ൽ കോട്ടയത്ത് സംഘടിപ്പിച്ച വർഗ്ഗീയ വിരുദ്ധ സെമിനാർ വേദിയിലേക്ക്, എത്തിയ ആർ.എസ്.എസ്. സംഘത്തിൽപ്പെട്ടവർക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) എത്ര പേർക്കെതിരെ എന്തെല്ലാം കുറ്റങ്ങൾ ചുമത്തി,പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; തിരുനക്കര മൈതാനത്തെ വേദിക്ക് ചുറ്റുമുള്ള റോഡിലേക്ക് പ്രകടനം നടത്തിയ തിനുശേഷം ആക്രമണത്തിലേർപ്പെട്ട ആർ.എസ്.എസ്. സംഘത്തിലുള്ളവരെ തിരിച്ചറിയുകയും, കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ?;

<u>ഉത്തരം</u>

(എ) പോലീസിന്റെ അവസരോചിതമായ ഇടപെടൽമൂലം സെമിനാർ സംഘടിപ്പിച്ച വേദിയിൽ യാതൊരുവിധ പ്രശ്നങ്ങളും ഉണ്ടായിട്ടില്ല. ടി പ്രശ്നവുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) എസ്.എൻ.ഡി.പി.യുടെ നേതൃത്വത്തിൽ എം.സി. റോഡിൽ കൂടി നടത്തിയ ടി പ്രതിഷേധത്തിനിടെ കോട്ടയം തിരുനക്കര മൈതാനത്തിന് സമീപമുള്ള സ്ഥലത്തെ ഫ്ലക്സ് ബോർഡുകൾ നശിപ്പിക്കുകയും മറ്റും ചെയ്ത കാര്യത്തിന് കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 1259/15 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും 3-10-2015-ന് ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എം.ബി. ബാലകൃഷ്ണന്റെ കൊലപാതകം

226 (234) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ട് വർഷം മുൻപ് തിരുവോണ ദിവസം കാസർകോട് ജില്ലയിലെ ഉദുമയിൽ സി.പി.ഐ. (എം) പ്രവർത്തകനായ എം.ബി. ബാലകൃഷ്ണനെ വെട്ടിക്കൊല പ്പെടുത്തിയ കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; അറസ്റ്റ് ചെയ്യപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംഭവത്തിന്റെ ഗൂഡാലോചനയെക്കുറിച്ച് ഒളിവിൽ കഴിയുകയായിരുന്ന പ്രതി ഷിബു 16-9-2015-ന് വാർത്താ സമ്മേളനത്തിലൂടെ നടത്തിയ വെളിപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാർത്താ സമ്മേളനത്തിന് ശേഷം പുറത്തിറങ്ങി രക്ഷപെടാൻ ശ്രമിച്ച ഷിബുവിനെ നാട്ടുകാർ പിടിച്ച് പോലീസിൽ ഏൽപ്പിക്കുകയുണ്ടായോ ;

(ഡി) വാർത്താ സമ്മേളനത്തിൽ പ്രതി ഷിബു നടത്തിയ വെളിപ്പെടുത്തലുകൾ എന്തെല്ലാമായിരുന്നു ; ഷിബുവിന്റെ വെളിപ്പെടുത്തലുകളുടെയടിസ്ഥാനത്തിൽ, കൊലപാതകം ആസൂത്രണം ചെയ്തവർക്ക് എതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly